## കേരള സർക്കാർ

### സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ പി.ഡി. അക്കൗണ്ട് തുകയുടെ വിനിയോഗം - സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

സ.ഉ. (സാധാ) നം. 4500/2017/പൊ.വി.വ. തിരുവനന്തപുരം, തീയതി : 22/11/2017

പരാമർശം : 1) 29.03.2017-ലെ സ.ഉ.(സാധാ) 884/2017/പൊ.വി.വ.

2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 11.09.2017-ലെ എച്ച്.3/50355/2015/ ഡി.പി.ഐ. നമ്പർ കത്ത്.

### ഉത്തരവ്

പരാമർശം (1) പ്രകാരം ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി /പൊതുവിദ്യാഭ്യാസ ഡയറക്ടർമാരുടെ നിയന്ത്രണത്തിലുള്ള സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ പ്രിൻസിപ്പൽമാർക്കും ഹെഡ്മാസ്റ്റർമാർക്കും പി.ടി.എയ്ക്കും ടി സ്കൂളുകളിലെ പി.ഡി. അക്കൗണ്ടുകളിൽ സ്പെഷ്യൽ ഫീസ് ഇനത്തിൽ ചെലവാകാതെ അവശേഷിക്കുന്ന തുക ഉപാധികളോടെ ഉപയോഗിക്കുവാൻ സർക്കാർ ഉത്തരവായിരുന്നു. എന്നാൽ ടി ഉത്തരവിൽ യു.പി. സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർക്കും പി.ടി.എയ്ക്കും ബന്ധപ്പെട്ട സ്കൂളുകളിലെ പി.ഡി. അക്കൗണ്ടുകളിൽ സ്പെഷ്യൽ ഫീസ് ഇനത്തിൽ ചെലവാകാതെ അവശേഷിക്കുന്ന തുക വിനിയോഗം സംബന്ധിച്ചുള്ള വിവരം പരാമർശിക്കുന്നില്ലായെന്നും പ്രസ്തുത സാഹചര്യത്തിൽ യു.പി.സ്കൂളുകളിലെ പി.ഡി. അക്കൗണ്ടിൽ അവശേഷിക്കുന്ന തുക കൂടി ടി ഉത്തരവ് പ്രകാരമുള്ള ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് യു.പി. സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർക്കും പി.ടി.എയ്ക്കും

ബന്ധപ്പെട്ട സ്കൂളുകളിലെ പി.ഡി. അക്കൗണ്ടുകളിൽ സ്പെഷ്യൽ ഫീസ് ഇനത്തിൽ ചെലവാകാതെ അവശേഷിക്കുന്ന തുക പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിന് വിധേയമായി ഉപയോഗിക്കുവാനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

3) ഇപ്രകാരം പരാമർശം (1)ലെ സർക്കാർ ഉത്തരവ് ഭേദഗതി വരുത്തിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പി.എസ്.കൃഷ്ണകുമാർ

അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ധനകാര്യവകുപ്പ്

എല്ലാ ഡി.ഡി/ഡി.ഇ.ഒ.മാർക്ക് (ഡി.പി.ഐ. മുഖേന)

ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

**പുറത്തെഴുത്ത് കത്ത് നം.എച്ച്.3/50355/2015/ഡി.പി.ഐ. തീയതി :19/12/17**

ഉത്തരവിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും പ്രഥമാധ്യാപകരുടെയും അറിവിലേക്കായി അയക്കുന്നു. എ.ഇ.ഒ/ഡി.ഇ.ഒ/ഡി.ഡി.ഇ. തലങ്ങളിൽ നിന്ന് ആവശ്യമായ മാർഗനിർദേശങ്ങൾ പ്രഥമാധ്യാപകർക്ക് നൽകി തുക വിനിയോഗിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജെസ്സി ജോസഫ്,

പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(ജനറൽ)

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

**സ്വീകർത്താക്കൾ:-**

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും

എല്ലാ ജില്ലാ / ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

എല്ലാ പ്രഥമാധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)